# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുകുന്ന് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.16/1166/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 06/10/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുകുന്ന് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.16/1166/23 തീയ്യതി: 06/10/2023

## കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-12-2022 മുതൽ 09-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2023 | 24-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2023 | 24-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ലീലാകൃഷ്ണൻ.എൻ.എം,ഓഡിറ്റ് ഓഫീസർ

ശ്രീമതി വനജ മാടത്താൻകണ്ടി,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.പ്രമോദ്.കെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നിഷ.ടി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.നിഷ.കെ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 07-04-2022 |
| ശ്രീമതി.ഉഷ.പി.പി | സെക്രട്ടറി | 08-04-2022 | 19-10-2022 |
| ശ്രീമതി.നിഷ.കെ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-10-2022 | 24-10-2022 |
| ശ്രീമതി.ഉഷ.പി.പി | സെക്രട്ടറി | 25-10-2022 | 11-01-2023 |
| ശ്രീമതി.നിഷ.കെ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.അമൂല്യ ഭാർഗവൻ | മെഡിക്കൽ ഓഫീസർ(പിഎച്ച്സി) | 01-04-2022 | 31-03-2023 |
| ഡോ.ധന്യ | മെഡിക്കൽ ഓഫീസർ(ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.സവിത.എം.കെ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ആശ.വിവി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഉഷ.എംവി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2022 | 04-01-2023 |
| സന്ധ്യാകുമാരി എ | ഐസിഡിഎസ് സൂപ്പർവൈസർ | 05-01-2023 | 31-03-2023 |
| ജോസ് ജയകുമാർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 20-06-2022 |
| വന്ദന രജീഷ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 21-06-2022 | 31-03-2023 |
| സുരേഷ്എം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| രഘുനാഥൻ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| നിഷ കെപി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| സുനന്ദ എം.വി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ചെറുകുന്ന് സർക്കിൾ | 01-04-2022 | 13-12-2022 |
| അനീഷ് കുമാർ | വില്ലേജ് എക്സ്റ്റെൻഷൻ | 14-12-2022 | 24-01-2023 |

| | | | |
|---|---|---|---|
| | ഓഫീസർ, ചെറുകുന്ന് സർക്കിൾ | | |
| സുനന്ദ എം.വി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ചെറുകുന്ന് സർക്കിൾ | 25-01-2023 | 31-03-2023 |
| ഐശ്വര്യ ലക്ഷ്മി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, താവം സർക്കിൾ | 26-09-2022 | 31-03-2023 |
| മിനി നാരായണൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |

താവം സർക്കിൾ വി.ഇ.ഒ. 26.09.2022 മുതലാണ് ചാർജ്ജ് എടുത്തിട്ടുള്ളത്

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ബി -1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല. | 1-1-1 |
| 3 | അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രിക പ്രകാരമുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ആസ്തി, ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. | 1-1-4 |
| 6 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നല്കിയ മുൻകൂർ - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-5 |
| 7 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ചെലവുതുക പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | എം ജി എൻ ആർ ഇ ജി എ -മുന്നിരിപ്പിലെ വ്യത്യാസം | 1-1-7 |
| 9 | ധനകാര്യ കമ്മീഷൻ അവാർഡ്, എം ജി എൻ ആർ ഇ ജി എ തുകകൾ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | തൊഴിൽ നികുതി, ലേലം - കിട്ടാനുള്ള തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമപദ്ധതികൾ | 1-7 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | ഗ്രാമസഭ | 1-10 |
| 20 | തൊഴിൽ നികുതി- അപാകങ്ങൾ. | 1-11 |
| 21 | എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് ഈടാക്കിയതിലെ -അപാകങ്ങൾ. | 1-12 |
| 22 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമാക്കിയില്ല - ₹2250 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-13 |
| 23 | ജീവിതമാണ് ലഹരി ലഹരിയല്ല ജീവിതം-രേഖകൾ ഹാജരാക്കിയിട്ടില്ല ₹20000 തടസ്സപ്പെടുത്തുന്നു. | 1-14 |
| 24 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനസ് പ്രവർത്തനങ്ങൾ ഏർപ്പെടുത്തൽ- | 1-15 |

| | | |
|---|---|---|
| | രേഖകളുടെ അഭാവത്തിൽ ₹30000തടസ്സപ്പെടുത്തുന്നു.. | |
| 25 | വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ്-₹60000 തടസ്സപ്പെടുത്തുന്നു. | 1-16 |
| 26 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല ₹200000 തടസ്സപ്പെടുത്തുന്നു. | 1-17 |
| 27 | സാന്ത്വന പരിചരണം-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ. | 1-18 |
| 28 | പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല-₹10199 തടസ്സപ്പെടുത്തുന്നു. | 1-19 |
| 29 | പ്രൈമറി സ്കൂളുകൾക്ക് പത്ര മാസികകൾ(സ്പിൽ ഓവർ)-₹16000 തടസ്സപ്പെടുത്തുന്നു. | 1-20 |
| 30 | പ്രൈമറി സ്കൂളുകൾക്ക് പത്ര മാസികകൾ-₹39040 തടസ്സപ്പെടുത്തുന്നു. | 1-21 |
| 31 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ-₹4476 തടസ്സപ്പെടുത്തുന്നു. | 1-22 |
| 32 | വിശപ്പ് രഹിത കേരളം ജനകീയ ഹോട്ടൽ-ചെലവ് രേഖകളുടെ സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്. | 1-23 |
| 33 | സ്ത്രീ പദവി പഠനം - തുടർ പ്രവർത്തനങ്ങളുടെ വിവരം ലഭ്യമാക്കിയില്ല. | 1-24 |
| 34 | സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം – പദ്ധതി പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 1-25 |
| 35 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (ജനറൽ) - പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-26 |
| 36 | ഗാർഹിക റിംഗ് കമ്പോസ്റ്റ് ജനറൽ- അധികം ഈടാക്കിയ ഗുണഭോക്തൃ വിഹിതം - ഗുണഭോക്താക്കൾക്ക് തിരികെ നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല, ചെലവുതുക ₹675000 തടസ്സപ്പെടുത്തുന്നു. | 1-27 |
| 37 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-28 |
| 38 | ഹരിതമോഹനം പദ്ധതി -പദ്ധതി നടത്തിപ്പ് സംബന്ധിച്ച് | 1-29 |
| 39 | സ്മാർട്ട് ഐ ഫെയ്സ്-1 - നിർവഹണം സംബന്ധിച്ച് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ₹177000 തടസ്സപ്പെടുത്തുന്നു. | 1-30 |
| 40 | ഉപയോഗ ശൂന്യമായ കമ്പ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ എന്നിവ വില്പന നടത്തേണ്ടതു സംബന്ധിച്ച് | 1-31 |
| 41 | വായനശാലകൾക്ക് നല്കുന്ന ദിനപത്രങ്ങൾ തിരിച്ചുവാങ്ങി വില്പന നടത്തേണ്ടതു സംബന്ധിച്ച് | 1-32 |
| 42 | തനതുവരുമാന വർദ്ധനവ്-- അവലോകനം | 1-33 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻഅവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളാ പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011 , കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മിഷൻ മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23-06-2023 തീയതിയിലെ 1/234/23 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 23-06-2023 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 31-03-2023 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) സി & എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ /മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയി രുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
06.10.2023

### 1-1-1 ബി -1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

പഞ്ചായത്ത് ഫണ്ട് – ജനറൽ ഫണ്ട്; തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-2 അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

അക്കൗണ്ടിംഗ് ചട്ടപ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-3 ക്യാഷ് ഫ്ലോ പത്രിക പ്രകാരമുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ കാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-4 ആസ്തി, ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

ആസ്തി, ഡിപ്രീസിയേഷൻ എന്നിവ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഹാജരാക്കിയിട്ടില്ല.

### 1-1-5 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നല്കിയ മുൻകൂർ - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

ബി-18 ഷെഡ്യൂളിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നല്കിയ മുൻകൂർ ഇനത്തിൽ ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയ ₹197393 യുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

### 1-1-6 ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ചെലവുതുക പൊരുത്തപ്പെടുന്നില്ല.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് – വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും (I-6 ഷെഡ്യൂൾ) സുലേഖ ചെലവു പത്രിക പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല.

### 1-1-7 എം ജി എൻ ആർ ഇ ജി എ -മുന്നിരിപ്പിലെ വ്യത്യാസം

എം ജി എൻ ഇ ജി എ മുന്നിരിപ്പ് – 2021-22 വർഷത്തെ RP 40(b) പ്രകാരം ₹30000 യും B-4 ഷെഡ്യൂൾ പ്രകാരം പൂജ്യവുമാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

### 1-1-8 ധനകാര്യ കമ്മീഷൻ അവാർഡ്, എം ജി എൻ ആർ ഇ ജി എ തുകകൾ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രികയിലെ ധനകാര്യ കമ്മീഷൻ അവാർഡ്, എം ജി എൻ ആർ ഇ ജി എ തുകകൾ അവയുടെ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-9 തൊഴിൽ നികുതി, ലേലം - കിട്ടാനുള്ള തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല.

1. ചെറുകുന്ന് അന്നപൂർണ്ണേശ്വരി ക്ഷേത്രം ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി നാളിതു വരെയായി ഒടുക്കിയിട്ടില്ല. കിട്ടാനുള്ള തുക കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. മുട്ടിൽ അണക്കെട്ട് ലേലവുമായി ബന്ധപ്പെട്ട് 4-2-23 ലെ 1/34/23 നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരം നെഗോസിയേഷൻ നടത്തി ലേല തുക 1521000 രൂപയായി നിശ്ചയിക്കുകയും ഇതിൽ 760500 രൂപ 1220105177/6-2-23 രശീത് അനുസരിച്ച് പഞ്ചായത്തിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. കിട്ടാനുള്ള ബാക്കി 760500 രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| തീരുമാനം നമ്പർ/തീയതി | 83/22 തീ. 24.03.2022 | 72/23 തീ. 10.03.2023 |
| മുന്നിരിപ്പ് | 1056046 | 3150440 |
| വരവ് | 153954240 | 141783609 |
| ആകെ | 155010286 | 144934049 |
| ചെലവ് | 153918070 | 141446230 |
| നീക്കിയിരിപ്പ് | 1092216 | 3487819 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7109225 |

| | |
|---|---|
| വരവ് | 24932364 |
| ആകെ | 32041589 |
| ചെലവ് | 22539917 |
| നീക്കിയിരിപ്പ് | 9501672 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 1233965 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 12017280 | 12017280 | 10382064 | 1635216 |
| വികസന ഫണ്ട് - എസ്.സി.പി | - | 2761183 | 2761183 | 2402727 | 358456 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | - | 6571000 | 6571000 | 4487016 | 2083984 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | - | 4570000 | 4570000 | 4570000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | 6942 | 2251713 | 2258655 | 2156331 | 102324 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 825644 | 3327273 | 4152917 | 2664459 | 1439185* |
| സാക്ഷരത | 26508 | 1335 | 27843 | 0 | 27843 |
| എസ് എസ് എ | 3134 | 158 | 3292 | 0 | 3292 |
| ഐ സി ഡി എസ് കേന്ദ്രവിഹിതം | 0 | 871638 | 871638 | 387849 | 483789 |
| ഒ ഡി എഫ് | 82662 | 0 | 82662 | 0 | 82662 |
| KSFE ഓൺലൈൻ വിദ്യാസഹായി | 180000 | 0 | 180000 | 0 | 180000 |
| ശുചിത്വമിഷൻ- മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം | 6800 | - | 6800 | 6800 | 0 |
| ശുചിത്വമിഷൻ- ഖരമാലിന്യ സംസ്കരണം | 339150 | 0 | 339150 | 0 | 339150 |
| SBM | 0 | 421532 | 421532 | 421532 | 0 |
| വിമുക്തി | 33419 | 0 | 33419 | 9020 | 24399 |
| MLA ഫണ്ട് | 77973 | 2127 | 80100 | 0 | 80100 |
| അഗതിരഹിത കേരളം - ജില്ലാ പഞ്ചായത്ത് | 100000 | 0 | 100000 | 100000 | 0 |
| GIS സർവ്വേ MGNREGS | 30000 | 7880 | 37880 | 37880 | 0 |
| MP ഫണ്ട് | 2787 | 76 | 2863 | 0 | 2863 |
| സാന്ത്വന പരിചരണം - ജില്ലാ പഞ്ചായത്ത് | 17267 | 0 | 17267 | 0 | 17267 |
| പാടിയിൽ അംഗൻവാടി | 500000 | 0 | 500000 | 0 | 500000 |

| | | | | | |
|---|---|---|---|---|---|
| കെട്ടിട നിർമ്മാണം | | | | | |
| ഹെൽത്ത് ഗ്രാന്റ് | 0 | 81142 | 81142 | 72500 | 8642 |
| ഹെൽത്ത് ഗ്രാന്റ് | 0 | 210939 | 210939 | 0 | 210939 |
| ഭവന പുനരുദ്ധാരണം/ ഭൂരഹിത പുനരധിവാസം | 675000 | 0 | 675000 | 0 | 675000 |

*₹49273-യുടെ വ്യത്യാസം ട്രഷറിയിൽ ചെലവഴിക്കപ്പെടാത്ത തുകയുടേതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം എന്നിവ താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പിലാക്കിയത് എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 131 | 115 | 63435816 | 31087251 | 26 | 16 | 89 | 67.93 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| അഗ്രികൾച്ചറൽ ഓഫീസർ | 8 | 8 | 2551772 | 2551772 | 100 |
| വെറ്റിനറി സർജ്ജൻ | 4 | 4 | 600000 | 600000 | 100 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 15 | 13 | 2301467 | 1871794 | 81.3 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 1897564 | 1897564 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 4 | 4 | 615344 | 552040 | 89.70 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 13 | 24925027 | 4926979 | 19.8 |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 6 | 6 | 3711470 | 3224817 | 86.9 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 26 | 23 | 8709705 | 4322199 | 49.6 |
| ഹെഡ്മാസ്റ്റർ | 9 | 7 | 728320 | 579519 | 79.6 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 37 | 28 | 15987996 | 9225970 | 36.1 |
| ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 665000 | 597993 | 89.9 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 742151 | 736604 | 99.3 |
| ആകെ | 131 | 115 | 63435816 | 31087251 | 39.44 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 934710 | 934710 | 934154 | 556 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് - മെറ്റീരിയൽ എക്സ്പൻസ് ഉൾപ്പെടെ | - | 13043770 | 13043770 | 13043770 | 0 |
| ആകെ | 0 | 13978480 | 13978480 | 13977924 | 556 |

## 1-7 ക്ഷേമപദ്ധതികൾ

തൻ വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമ പദ്ധതിയുടെപേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (₹) |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1632 | 3214200 |
| വിധവാ പെൻഷൻ | 4363 | 8816000 |
| വാർദ്ധക്യകാല പെൻഷൻ | 10164 | 18739100 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 1311 | 2624000 |
| 50 വയസിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 679 | 1361200 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.07.2023

തീയതി രാവിലെ11 മണിക്ക് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4100 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റ് വർഷത്തിൽ 17 തവണ സ്റ്റാഫ് മീറ്റിംഗ് നടത്തിയിട്ടുണ്ട്. ഓരോ ജീവനക്കാർക്കും ജോലിവിഭജനം നടത്തി നല്കിയിട്ടുണ്ട്. ഐഎൽജിഎംഎസിൽ വൗച്ചറുകളും അനുബന്ധരേഖകളും അപ് ലോഡ് ചെയ്തിട്ടുണ്ടെങ്കിലും വൗച്ചർ ലിസ്റ്റ് ഓഡിറ്റർ ലോഗിനിൽ ലഭ്യമല്ല. ബിൽ റജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. മറ്റ് രജിസ്റ്ററുകളും ഒരു വിധം കുറ്റമറ്റ രീതിയിൽ സൂക്ഷിച്ചിട്ടുണ്ട്.

## 1-10 ഗ്രാമസഭ

ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും 2022-23 വർഷത്തിൽ നാലുവീതം ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. 2021-22 വർഷത്തെ പദ്ധതി അവലോകനം, 2022-23ലെ പദ്ധതി രൂപീകരണം, സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ എന്നിവ ആദ്യ ഗ്രാമസഭായോഗത്തിൽ നടന്നു. എല്ലാ ഗ്രാമസഭകളിലും നല്ല ജനപങ്കാളിത്തം ഉണ്ടായിരുന്നു.

## 1-11 തൊഴിൽ നികുതി- അപാകങ്ങൾ.

ചെറുകുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും, ഫയലുകളും പരിശോധിച്ചപ്പോൾ. തൊഴിൽ നികുതി വകുപ്പുകളും, ചട്ടങ്ങളും പ്രകാരമുള്ള ഏതാനും അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

ചെറുകുന്ന് അന്നപൂർണ്ണേശ്വരി ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺസ് പ്രകാരം 21 ജീവനക്കാരുടെ 2022-23 ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി 23750രൂപ 28.3.2023-ലെ രസീത് നം.1220106525 പ്രകാരമാണ് അടവാക്കിയിട്ടുള്ളത്. വൈകി അടവാക്കിയതിന് നിയമാനുസൃതമായ പിഴ ഈടാക്കിയതിന്റെയും പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർ 2022-23 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഒടുക്കിയതിന്റേയും ഗ്രാമ പഞ്ചായത്ത് പരിധിയിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുവാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം5/2022-23/14.7.2023) 21.7.2023-ലെ രസീത് നമ്പർ 1230101137 പ്രകാരം 1663രൂപ പിഴ ഈടാക്കിയിട്ടുണ്ടെന്നും,രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഒടുക്കാത്തതുമായി ബന്ധപ്പെട്ട് നൽകിയ കത്തിന് ക്ഷേത്രത്തിന്റെ ഫണ്ടിന്റെ അപര്യാപ്തത കൊണ്ട് മേൽ കാലയളവിൽ ജീവനക്കാർക്ക് ശമ്പളം നൽകാൻ സാധിച്ചിട്ടില്ല എന്നുമാണ് സ്ഥാപന മേധാവി അറിയിച്ചിട്ടുള്ളത്.
ഗ്രാമ പഞ്ചായത്ത് പരിധിയിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നുമുള്ള മറുപടിയും നൽകിയിട്ടുണ്ട്.

ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺസ് സമർപ്പിച്ച് തൊഴിൽ നികുതി ഒടുക്കിയിട്ടുള്ള സ്ഥാപനത്തിൽ നിന്നും രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺസ് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും, ചട്ട പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ ഗ്രാമ പഞ്ചായത്ത് പരിധിയിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

## 1-12 എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് ഈടാക്കിയതിലെ -അപാകങ്ങൾ.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017-ലെ ജിഒ(പി)നം.80/2017 പ്രകാരം ഡി&ഒ ലൈസൻസ് ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ചെറുകുന്ന് ഗ്രാമപഞ്ചായത്ത് 18.11.2021-ലെ ഭരണസമിതി തീരുമാനം നമ്പർ 1/329/21 പ്രകാരം വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾ ക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് ഉല്പാദന,സേവന മേഖലകളിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് സംരംഭങ്ങൾക്ക് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മൈക്രോ എന്റർപ്രൈസസ് സേവന മേഖലയിലും, ഉത്പാദന മേഖലയിലും ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ് വിവരം ചുവടെ കൊടുക്കുന്നു.

സേവന മേഖല

| മൂലധന നിക്ഷേപം ₹ | ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ് ₹ |
|---|---|

| | |
|---|---|
| 1ലക്ഷം രൂപവരെ | 100 |
| 1 ലക്ഷത്തിന് മുകളിൽ 2ലക്ഷം വരെ | 200 |
| 2 ലക്ഷത്തിന് മുകളിൽ 3ലക്ഷം വരെ | 300 |
| 3 ലക്ഷത്തിന് മുകളിൽ 6ലക്ഷം വരെ | 400 |
| 6 ലക്ഷത്തിന് മുകളിൽ 10ലക്ഷം വരെ | 500 |

ഉത്പാദന മേഖല

| മൂലധന നിക്ഷേപം ₹ | ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ് ₹ |
|---|---|
| 3ലക്ഷം രൂപവരെ | 200 |
| 3 ലക്ഷത്തിന് മുകളിൽ 10ലക്ഷം വരെ | 400 |
| 10 ലക്ഷത്തിന് മുകളിൽ 25ലക്ഷം വരെ | 500 |

2022-23 സാമ്പത്തിക വർഷത്തെ ഏതാനും എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീ ഈടാക്കുമ്പോൾ അപേക്ഷയിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപത്തിന് അനുസരിച്ചല്ല ലൈസൻസ് ഫീ ഈടാക്കിയത് വിശദ വിവരം ചുവടെ കൊടുക്കുന്നു. .

| എഫ്.ടി.ഇ.& ഒ.എസ് രജിസ്റ്ററിലെ ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിടനമ്പർ | അപേക്ഷകന്റെ പേര്/അപേക്ഷ തീയ്യതി. | സ്ഥാപനം സംബന്ധിച്ച വിവരം | അപേക്ഷയിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപം ₹ | ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കിയ തുക ഉൾപ്പെടുന്ന *രസീത് നമ്പർ/തീയ്യതി* | കുറവ് വന്നതുക₹ |
|---|---|---|---|---|---|---|
| 5 | 7/654, | ശ്രീവിദ്യ.എം.വി/ 3.2.2022. | ടൈലറിംഗ് ഷോപ്പ് | 5ലക്ഷം. | 300/1220100422 /13.5.2022. | 100 |
| 84 | 7/11 | വായച്ചാൽ മുഹമ്മദ് കുഞ്ഞി/ 22.2.2022. | ചെരുപ്പ് വിൽപ്പന | 4ലക്ഷം. | 300/1210103991 /25.2.2022. | 100 |
| 113 | 6/313 | ഇ.ജയപ്രഭ./ 25.2.2022. | പ്രിന്റിംഗ് പ്രസ്സ് | 7ലക്ഷം | 300/1210104070 /25.2.2022. | 100 |
| 193 | 1/1 | പ്രകാശൻ പൂവളപ്പിൽ/ 4.3.2022. | ഗ്രിൽസ് റോളർ നിർമ്മാണം | 8ലക്ഷം | 300/1210104301 /4.3.2022. | 100 |

എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ കുറവ് വന്നതുക ഈടാക്കേണ്ടതാണ്. കൂടാതെ 2022-23 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ച മുഴുവൻ സ്ഥാപനങ്ങളുടെയും അപേക്ഷകൾ പരിശോധിച്ച് അപേക്ഷയിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപത്തിന് അനുസരിച്ച ലൈസൻസ് ഫീസാണ് ഈടാക്കിയിട്ടുള്ളതെന്ന് ഉറപ്പ് വരുത്തേണ്ടതും ആയതിന്റെ വിവരം ഹാജരാക്കേണ്ടതുമാണ്.

## 1-13 ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമാക്കിയില്ല - ₹2250 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>ഗവ.ആയുർവ്വേദ ആശുപത്രി<br>ചെറുകുന്ന്. |
| പ്രോജക്ട് നം. | 17/23 |
| പ്രോജക്ടിന്റെ പേര് | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹1897564 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | ₹1897564 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം/ തീയ്യതി/തുക | 2219015203150061200б/6.10.2022/₹1500000<br>22190152031501366614/ 10.03.2023/₹397564 |

മരുന്ന വാങ്ങിക്കുന്നതിനായി ഔഷധിക്ക് 6.10.2022-ലെ ബിൽ നം 22190152031500612006 പ്രകാരം നൽകിയ 1500000രൂപയും, 10.03.2023ലെ ബിൽ നം. 22190152031501366614പ്രകാരം നൽകിയ 397564 രൂപയും അനുവദിച്ചിട്ടുണ്ട്. ലഭ്യമാക്കിയ Tax Invoice,സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ 1895314 രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിരുന്നുള്ളൂ. അനുവദിച്ച തുകയിൽ എത്ര രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ ബാക്കിയുണ്ടെന്നറിയുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/2022-23/14.7.2023) നൽകിയ മറുപടിയിൽ 2250 രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്റർ സഹിതം ഹാജരാക്കുന്നതുവരെ 2250 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-14 ജീവിതമാണ് ലഹരി ലഹരിയല്ല ജീവിതം-രേഖകൾ ഹാജരാക്കിയിട്ടില്ല ₹20000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി.ചെറുകുന്ന്. |
| പ്രോജക്ട് നം. | 89/23 |
| പ്രോജക്ടിന്റെ പേര് | ജീവിതമാണ് ലഹരി ലഹരിയല്ല ജീവിതം- |
| അടങ്കൽ | ₹20000 (തനത് ഫണ്ട് ) |
| ചെലവ് | ₹20000 (തനത് ഫണ്ട് ) |
| ബിൽ നം/ തീയതി/തുക | 261/27.3.2023/₹20000. |

1.മേൽ പദ്ധതിയുടെ ഭാഗമായി 4X3 Feet വിസ്തീർണ്ണമുള്ള 4 മെറ്റൽ സൈൻ ബോർഡ് വാങ്ങുന്നതിനുള്ള ക്വട്ടേഷൻ നടപടികളിൽ ബോർഡിൽ എഴുതേണ്ട വാചകങ്ങളുടെ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല.

2.പദ്ധതിയുടെ ഭാഗമായി 20.3.2023-ലെ ബിൽ നമ്പർ 715 പ്രകാരം 4 മെറ്റൽ സൈൻ ബോർഡ് വാങ്ങിയതിന് M/S BALU ARTS THARA എന്ന സ്ഥാപനത്തിന്റെ 57050092092 എന്ന അക്കൗണ്ട് നമ്പറിൽ മുകളിൽ പരാമർശിച്ച ബിൽ നമ്പറിൽ(261/27.3.2023/₹20000) നിന്ന് 20000രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ബോർഡുകൾക്ക് എൽ.എസ്.ജി.ഡി എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നുള്ള വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/2022-23/18.7.23) നൽകിയ മറുപടിയിൽ ബോർഡിൽ എഴുതേണ്ട വാചകങ്ങളുടെ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയ പേജ് ക്വട്ടേഷൻ നോട്ടീസിൽ

വിട്ടുപോയതാണെന്ന് അറിയിച്ചിട്ടുണ്ട്. വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ക്വട്ടേഷൻ നടപടിക്രമങ്ങളുടെ സുതാര്യത ഉറപ്പ് വരുത്താത്തതിന്റെയും, വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിന്റെയും അടിസ്ഥാനത്തിൽ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച 20000 രൂപ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-15 ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനസ് പ്രവർത്തനങ്ങൾ ഏർപ്പെടുത്തൽ-രേഖകളുടെ അഭാവത്തിൽ ₹30000തടസ്സപ്പെടുത്തുന്നു..

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി.ചെറുകുന്ന്. |
| പ്രോജക്ട് നം. | 134/23 |
| പ്രോജക്ടിന്റെ പേര് | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനസ് പ്രവർത്തനങ്ങൾ ഏർപ്പെടുത്തൽ |
| അടങ്കൽ | ₹80000 (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | ₹72500 |

1.മേൽ പദ്ധതിയുടെ ഭാഗമായി 4X3 Feet വിസ്തീർണ്ണമുള്ള 7 മെറ്റൽ സൈൻ ബോർഡ് ഭിത്തിയിൽ പതിപ്പിക്കുന്നതിനായി വാങ്ങിച്ചിട്ടുണ്ട്. പ്രതിരോധ കുത്തിവയ്പ്പ് (3 എണ്ണം), എലിപ്പനി (2 എണ്ണം), പേപ്പട്ടി വിഷബാധ (2എണ്ണം) എന്നിവയെക്കുറിച്ച് ബോധവത്ക്കരണം നടത്തുന്നതിനുള്ള പ്രസ്തുത ബോർഡുകൾ വാങ്ങിക്കുന്നതിനുള്ള ക്വട്ടേഷൻ നടപടികളിൽ ബോർഡിൽ എഴുതേണ്ട വാചകങ്ങളുടെ സ്പെസിഫിക്കേഷൻ പറയാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

2. പദ്ധതിയുടെ ഭാഗമായി 20.3.2023-ലെ ബിൽ നമ്പർ 716 പ്രകാരം 7 മെറ്റൽ സൈൻ ബോർഡ് വാങ്ങിയതിന് M/S BALU ARTS THARA എന്ന സ്ഥാപനത്തിന്റെ 57050092092 നമ്പർ അക്കൗണ്ടിലേക്ക് 30000രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ബോർഡുകൾക്ക് എൽ.എസ്.ജി.ഡി എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നുള്ള വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

3. 8.11.2010-ലെ ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ-പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് 25000രൂപയ്ക്ക് മുകളിലും 100000രൂപയിൽ താഴെയും ഉള്ള വാങ്ങൽ നടപടികൾക്ക് ലിമിറ്റഡ് ടെണ്ടർ സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പാലിക്കാതെ ക്വട്ടേഷൻ നടപടി ക്രമങ്ങൾ സ്വീകരിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/2022-23/19.7.23) നൽകിയ മറുപടിയിൽ ബോർഡിൽ എഴുതേണ്ട വാചകങ്ങളുടെ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയ പേജ് ക്വട്ടേഷൻ നോട്ടീസിൽ വിട്ടുപോയതാണെന്നും, സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമാണ് വാങ്ങലുകൾ നടത്തിയതെന്നും ഭാവിയിൽ ഇത്തരം കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ടെണ്ടർ നടപടിക്രമങ്ങളുടെ സുതാര്യത ഉറപ്പ് വരുത്താത്തതിന്റെയും, വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിന്റെയും അടിസ്ഥാനത്തിൽ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച 30000 രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ്-₹60000 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ പി.എച്ച്.സി.ചെറുകുന്ന്.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ, പേര് | 33/23, വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ്. (സ്പിൽ ഓവർ) | 83/23, വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് |
| അടങ്കൽ | ₹30000(വികസന ഫണ്ട്) | ₹30000(വികസന ഫണ്ട്) |
| ചെലവ് | ₹30000(വികസന ഫണ്ട്) | ₹30000(വികസന ഫണ്ട്) |
| ബിൽ നം/തീയ്യതി/തുക | 22190152012900065045/30.4.2022 /₹30000. | 22190152012901516135/28.3.2023/ ₹30000. |

1.മുകളിൽ പരാമർശിച്ച പ്രോജക്ട് നം.33/23 വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് (സ്പിൽ ഓവർ).2022 മാർച്ച് 11ന് പി.എച്ച്.സി ചെറുകുന്നിൽ വച്ചാണ് നടന്നിട്ടുള്ളത്. പദ്ധതിയുടെ ചെലവുമായി ബന്ധപ്പെട്ട് ജൻ ഔഷധിയുടെ 25.3.2023-

ലെ ഇൻവോയ്സ് നമ്പർ JT.17819 പ്രകാരം വാങ്ങിച്ച 27610 രൂപയുടെ മരുന്നുകൾ/ഉപകരണങ്ങളുടെ രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. ആയതിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല.

2.മുകളിൽ പരാമർശിച്ച പ്രോജക്ട് നമ്പർ 83/23 വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ്.2023 ജനവരി 1ന് പി.എച്ച്.സി ചെറുകുന്നിൽ വച്ചാണ് നടന്നിട്ടുള്ളത്. പദ്ധതിയുടെ ചെലവുമായി ബന്ധപ്പെട്ട് ജൻഔഷധിയുടെ 27.1.2023-ലെ ഇൻവോയ്സ് നമ്പർ 2022233441 പ്രകാരം വാങ്ങിച്ച 5072 രൂപയുടെയും, ഇൻവോയ്സ് നമ്പർ L8148 പ്രകാരം വാങ്ങിച്ച 3700 രൂപയുടെയും മരുന്നുകൾ/ഉപകരണങ്ങളുടെ രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. ആയതിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.14/2022-23/19.7.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. 11.03.2022-ന് നടന്ന ക്യാമ്പ് (കഴിഞ്ഞ സാമ്പത്തിക വർഷം) നടന്നതായി രേഖപ്പെടുത്തിയ ക്യാമ്പിന് 25.03.2023-ന് മരുന്ന് വാങ്ങിയ ബില്ലുകൾ ഹാജരാക്കിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. അതുപോലെ 01.01.2023-ന് നടന്ന ക്യാമ്പിന് 27.01.2023-ന്റെ ക്യാഷ് ബില്ലും സംശയാസ്പദമാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വ്യക്തമായ വിശദീകരണവും മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല ₹200000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ചെറുകുന്ന്. |
| പ്രോജക്ട് നമ്പർ, പേര് | 21/23, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹200000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | ₹200000 |
| തുക, ബിൽ നമ്പർ/ തീയതി | ₹200000, 22190152012901108517/29.1.2023 |

29.1.2023 -ലെ ബിൽ നം 22190152012901108517 -പ്രകാരം ഹോംകോയ്ക്ക് നൽകിയ 200000 രൂപയ്ക്ക് മരുന്നുകൾ വാങ്ങിയതിന്റെ Tax Invoice ഹാജരാക്കിയിട്ടുണ്ട്. മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്റർ സഹിതം ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/18.7.2023) നൽകിയ മറുപടിയിൽ ബന്ധപ്പെട്ട രേഖകൾ ഹോമിയോ ആശുപത്രിയിൽ നിന്നും ലഭ്യമാക്കി ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ 200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രജിസ്റ്റർ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 സാന്ത്വന പരിചരണം-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി, ചെറുകുന്ന് |
| പ്രോജക്ട് നമ്പർ | 15/23 |
| പ്രോജക്ടിന്റെ പേര് | സാന്ത്വന പരിചരണം. |
| അടങ്കൽ | ₹703160.<br>₹403160( വികസന ഫണ്ട്)<br>₹30000( ജില്ലാപഞ്ചായത്ത് വിഹിതം) |
| ചെലവ് | ₹656230.<br>₹403160( വികസന ഫണ്ട്)<br>₹253070( ജില്ലാപഞ്ചായത്ത് വിഹിതം) |
| ബിൽ.നം/തീയതി/തുക | 1)22190152012900107345/17.5.2022/₹74360.<br>2)22190152012900209263/17.6.2022/₹39630. |

| | |
|---|---|
| | 3)221901520129002 87955/8.7.2022/₹39630.<br>4)2219015201290040 3346/10.8.2022/₹96295.<br>5)2219015201290056 9151/24.9.2022/₹75713.<br>6)87/12.10.2022/₹41440.<br>7)2219015201290074 0526/7.11.2022/₹34892.<br>8)2219015201290074 2629/7.11.2022/₹40334.<br>9)2219015201290089 0439/9.12.2022/₹49262.<br>10)221901520129010 20218/9.1.2023/₹79844.<br>11)221901520129011 66187/8.2.2023/₹83630.<br>12)221901520129015 19406/28.3.2023/₹1200. |

മേൽ പദ്ധതിയുടെ ഭാഗമായി മരുന്നും അനുബന്ധ സാധനങ്ങളും  വാങ്ങുന്നതിന് മേൽകാണിച്ച ബില്ലുകൾ പ്രകാരം ₹ 180000ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മുഴുവൻ മരുന്നും അനുബന്ധ സാധനങ്ങളും നീതി മെഡിക്കൽസ്, പ്രധാൻ മന്ത്രി ഭാരതീയ ജൻ ഔഷധി കേന്ദ്ര എന്നിവിടങ്ങളിൽ നിന്നാണ് വാങ്ങിയിരിക്കുന്നത് .

8.11.2010-ലെ ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ- പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് 25000രൂപയ്ക്ക് മുകളിലും 100000രൂപയിൽ താഴെയും ഉള്ള വാങ്ങൽ നടപടികൾക്ക് ലിമിറ്റഡ് ടെണ്ടർ സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിരിക്കെ ആയത് പാലിക്കാതെ പദ്ധതിയുടെ ഭാഗമായി മുകളിൽ പരാമർശിച്ച സബ്സിഡി മാർഗ്ഗരേഖ ക്രമനമ്പർ 11-ലെ ബിൽ നമ്പറിൽ ഉൾപ്പെട്ട83630 രൂപയിൽ നിന്ന് 44000രൂപയ്ക്ക് മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയപ്പോൾ ക്വട്ടേഷൻ നടപടി ക്രമങ്ങൾ സ്വീകരിച്ചതിന്റെ കാരണം വ്യക്തമാക്കുവാനും, സ.ഉ(സാധാ)നം.3217/2015/ത.സ്വ.ഭ.വ തീയതി.29.10.2015 ലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച കൊണ്ട് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2.5.6 അനുസരിച്ച് പാലിയേറ്റീവ് നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരു വിവരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/2022-23/20.7.2023.) നൽകിയ മറുപടി തൃപ്തികരമല്ല.

സാന്ത്വന പരിചരണത്തിന്റെ ഭാഗമായി അനുബന്ധ സാധനങ്ങൾ വാങ്ങിക്കുമ്പോൾ വാങ്ങൽ നടപടിക്രമങ്ങളുടെ മാർഗ്ഗ നിർദ്ദേശങ്ങളും, ടെണ്ടർ നടപടിക്രമങ്ങളുടെ സുതാര്യതയും ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ പാലിയേറ്റീവ് നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരു വിവരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കരിക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രൊജക്ടിൽ നിന്നും തുക ചെലവഴിക്കാൻ പാടില്ല. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-19 പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല-₹10199 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ,<br>ജി.എൽ.പി.എസ്,<br>ചെറുകുന്ന് നോർത്ത്. |
| പ്രോജക്ട് നം. | 108/23 |
| പ്രോജക്ടിന്റെ പേര് | പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല |
| അടങ്കൽ | ₹50000 (തനത് ഫണ്ട്) |
| ചെലവ് | ₹10199 (തനത് ഫണ്ട്) |
| ബിൽ നം/ തീയതി/തുക | 169/21.1.2023/₹6600.<br>295/30.3.2023/₹3599. |

പദ്ധതി വിഭാവനം ചെയ്യുന്നത് 50 വയസ്സിൽ താഴെയുള്ളവരെ 5 വർഷം കൊണ്ട് പത്താം തരം വിദ്യാഭ്യാസമുള്ളവരാക്കി

മാറ്റുക എന്നതാണ്. എന്നാൽ ഇതിനു വിരുദ്ധമായി കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റിയുടെ 02880100113107 എന്ന അക്കൗണ്ട് നമ്പറിൽ ഹയർ സെക്കണ്ടറി രണ്ടാം വർഷ തുല്യത പരീക്ഷ ഫീ ഇനത്തിൽ 3പേർക്ക് 6600 രൂപയും, (3X2200=6600), അനുബന്ധ ചെലവുകൾക്കായി സിന്ധു ഇ.എസ്-ന്റെ 67270462877 എന്ന അക്കൗണ്ട് നമ്പറിൽ 3599 രൂപയും അനുവദിച്ചതിന്റെ കാരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31/22.7.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നിന്ന് വ്യത്യസ്തമായി പദ്ധതി നടപ്പാക്കിയതിന്റെ കാരണം ലഭ്യമാക്കാത്തതിനാൽ മേൽ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച 10199 രൂപ തടസ്സപ്പെടുത്തുന്നു. വ്യക്തമായ വിശദീകരണം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 പ്രൈമറി സ്കൂളുകൾക്ക് പത്ര മാസികകൾ(സ്പിൽ ഓവർ)-₹16000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ,<br>ജി.എൽ.പി.എസ്,<br>ചെറുകുന്ന് നോർത്ത്. |
| പ്രോജക്ട് നം. | 30/23 |
| പ്രോജക്ടിന്റെ പേര് | പ്രൈമറി സ്കൂളുകൾക്ക് പത്ര മാസികകൾ(സ്പിൽ ഓവർ) |
| അടങ്കൽ | ₹16000 (വികസന ഫണ്ട്) പൊതുവിഭാഗം |
| ചെലവ് | ₹16000 |
| ബിൽ നം/തീയ്യതി | 25/13.6.2022 |

മേൽ പദ്ധതിയുടെ ചെലവ് സംബന്ധിച്ച മുഴുവൻ രേഖകളും (പ്രൈമറി സ്കൂൾ സ്ഥാപന മേധാവി പത്ര മാസികകൾ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത്, പത്ര മാസികകളുടെ ബില്ല് ഉൾപ്പെടെ) ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/22.7.2023) മറുപടി ലഭ്യമാക്കാത്തതിനാൽ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച 16000 രൂപ തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 പ്രൈമറി സ്കൂളുകൾക്ക് പത്ര മാസികകൾ-₹39040 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ,<br>ജി.എൽ.പി.എസ്,<br>ചെറുകുന്ന് നോർത്ത്. |
| പ്രോജക്ട് നം. | 101/23 |
| പ്രോജക്ടിന്റെ പേര് | പ്രൈമറി സ്കൂളുകൾക്ക് പത്ര മാസികകൾ. |
| അടങ്കൽ | ₹39040 (വികസന ഫണ്ട് – പൊതുവിഭാഗം) |
| ചെലവ് | ₹39040 (വികസന ഫണ്ട്) |
| ബിൽ നം/ തീയതി/തുക | 22190152031101517828/28.3.2023/₹39040 |

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 8 സ്കൂളുകൾക്ക് ദേശാഭിമാനി ദിനപത്രവും, തത്തമ്മ ദ്വൈവാരികയും വിതരണം ചെയ്യുന്നതിനാണ് പദ്ധതി. ഈ പദ്ധതിക്കായി ദേശാഭിമാനി പബ്ലിക്കേഷന്റെ 57066525838 എന്ന അക്കൗണ്ട് നമ്പറിലേക്ക് മുകളിൽ പരാമർശിച്ചിട്ടുള്ള ബിൽ പ്രകാരം 39040രൂപ അനുവദിച്ചിട്ടുണ്ട്.

1.പത്രമാസികകൾ വാങ്ങിയതിന്റെ ബില്ലുകൾ, പത്രമാസികകൾ സ്കൂളുകളിൽ കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2.മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (33/22.7.2023) മറുപടി ലഭ്യമാക്കാത്തതിനാൽ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച 39040രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റിൽ ആവശ്യപ്പെട്ട ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ-₹4476 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ,<br>ജി.എൽ.പി.എസ്,<br>ചെറുകുന്ന് നോർത്ത്. |
| പ്രോജക്റ്റ് നം. | 105/23 |
| പ്രോജക്റ്റിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ |
| അടങ്കൽ | ₹143280<br>₹134280(വികസന ഫണ്ട് – എസ്.സി.പി.)<br>₹9000(തനത് ഫണ്ട്) |
| ചെലവ് | ₹134280(വികസന ഫണ്ട്) |
| ബിൽ നം/ തീയ്യതി/തുക | 22190152031101356935/15.3.2023/₹134280. |

മേൽ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിയിലെ പ്രൈമറി വിഭാഗത്തിൽ പഠിക്കുന്ന 30 എസ്.സി വിദ്യാർത്ഥികൾക്ക് 30 സ്റ്റീൽമേശയും, 30 സ്റ്റീൽ കസേരയും വാങ്ങിച്ചതിന് ഫിഡ്കോ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ 67069668722 എന്ന അക്കൗണ്ട് നമ്പറിലേക്ക് മുകളിൽ പരാമർശിച്ചിട്ടുള്ള ബിൽ നമ്പറിൽ നിന്ന് 134280 അനുവദിച്ചിട്ടുണ്ട്.

1.പദ്ധതിയുടെ ഭാഗമായി ആനുകൂല്യം ലഭിച്ചിട്ടുള്ള ചുവടെ കൊടുത്തിരിക്കുന്ന വിദ്യാർത്ഥികളുടെ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

| ക്രമനമ്പർ | പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | ദേവദത്ത്.കെ.വി | 2 |
| 2 | അഭിയുക്ത | 10 |
| 3. | അനയ് ദേവ് | 11 |
| 4. | ഇഷാൻ.കെ | 2 |
| 5 | ഇന്യയ.ടി | 2 |
| 6 | ഇഷാൻ മധു. | 10 |
| 7 | വൈഗ.ബി. | 10 |
| 8 | സനൂജ.വി.വി | 7 |
| 9 | വസുദേവ്.എം.വി | 7 |
| 10 | ശിവാനിയ .സി.എച്ച്. | 5 |
| 11 | ആദിത്ത്.സുധീഷ് | 3 |
| 12 | മേഘ്ന | 5 |
| 13 | അനാമിക രാജേഷ്. | 5 |
| 14 | ശ്രീഹരി.എൻ | 1 |
| 15 | അമിൽജിത്ത് | 2 |
| 16 | അശ്വന്ത്.കെ | 12 |
| 17 | കൃതിക് കൃഷ്ണ | 2 |
| 18 | അഭിജിത്ത്.യു | 4 |

2. പദ്ധതിയുടെ ഭാഗമായി 30 മേശയും 30കസേരയും വാങ്ങിയിട്ടുണ്ടെങ്കിലും വിതരണ രജിസ്റ്റർ പ്രകാരം 29 മേശയും 29കസേരയും മാത്രമേ വിതരണം ചെയ്തതായി കാണുന്നുള്ളൂ. അവശേഷിക്കുന്ന ഒരു മേശയും ഒരു കസേരയും എന്തു ചെയ്തു എന്നതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

3.മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34/22.7.2023) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. 10.3.2023-ലെ Tax Invoice No.FB/22-23/629 പ്രകാരം 134280രൂപ ചെലവഴിച്ച് വാങ്ങിച്ച 30 മേശയും 30 കസേരയും സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും മുഴുവനും വിതരണം ചെയ്തതായി കാണുന്നില്ല. വിതരണം ചെയ്യാത്ത ഒരു മേശയുടെയും, ഒരു കസേരയുടെയും വിലയായ4476 രൂപ തടസ്സപ്പെടുത്തുന്നു. വ്യക്തമായ വിശദീകരണം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 വിശപ്പ് രഹിത കേരളം ജനകീയ ഹോട്ടൽ-ചെലവ് രേഖകളുടെ സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി,<br>ചെറുകുന്ന് ഗ്രാമപഞ്ചായത്ത്. |
| പ്രോജക്റ്റ് നം. | 91/23 |
| പ്രോജക്ടിന്റെ പേര് | വിശപ്പ് രഹിത കേരളം ജനകീയ ഹോട്ടൽ |
| അടങ്കൽ | ₹90000<br>₹80000 (വികസന ഫണ്ട് – പൊതുവിഭാഗം)<br>₹10000 (തനത് ഫണ്ട് ) |
| ചെലവ് | ₹84453<br>₹80000 (വികസന ഫണ്ട് )<br>₹4453 (തനത് ഫണ്ട് ) |
| ബിൽ നം/ തീയതി/തുക | 1)22190152012400812969/24.11.2022/₹48165<br>2)22190152012401524408/28.3.2023/₹31835<br>3)286/28.3.2023/₹4453. |

മേൽ പദ്ധതിയുടെ ഭാഗമായി മുകളിൽ പരാമർശിച്ചിട്ടുള്ള ക്രമനമ്പർ 1-ലെ ബിൽ നമ്പറിൽ ഉൾപ്പെട്ട തുകയിൽ നിന്ന് 15300രൂപ, ക്രമനമ്പർ 2-ലെ ബിൽ നമ്പറിൽ ഉൾപ്പെട്ട തുകയിൽ നിന്ന് 8585രൂപ,ക്രമനമ്പർ 3-ലെ ബിൽ നമ്പറിൽ ഉൾപ്പെട്ട തുകയിൽ നിന്ന് 3515രൂപ എന്നിങ്ങനെ കുടിവെള്ളം വാങ്ങിച്ചതിന് മനോഹരൻ.എം. എന്നയാൾക്ക് അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഹാജരാക്കിയ ചെലവ് രേഖകളുടെ വിവരം ചുവടെ കൊടുക്കുന്നു.

ക്രമനമ്പർ 1-ലെ ബിൽ നമ്പറിൽ ഉൾപ്പെട്ട തുക

| ക്രമ നമ്പർ | കുടിവെള്ളം വാങ്ങിച്ച തീയതി | അനുവദിച്ച തുക ₹ |
|---|---|---|
| 1 | 6.4.2022 | 650 |
| 2 | 13.4.2022 | 650 |
| 3 | 23.4.2022 | 650 |
| 4 | 4.5.2022 | 650 |
| 5 | 11.5.2022 | 650 |
| 6 | 23.5.2022 | 650 |
| 7 | 31.5.2022 | 650 |
| 8 | 7.6.2022 | 650 |
| 9 | 16.6.2022 | 650 |
| 10 | 24.6.2022 | 650 |
| 11 | 30.6.2022 | 650 |
| 12 | 9.7.2022 | 650 |
| 13 | 20.7.2022 | 650 |

| | | |
|---|---|---|
| 14 | 28.7.2022 | 650 |
| 15 | 4.8.2022 | 350 |
| 16 | 16.8.2022 | 650 |
| 17 | 23.8.2022 | 650 |
| 18 | 1.9.2022. | 650 |
| 19 | 13.9.2022 | 650 |
| 20 | 22.9.2022 | 650 |
| 21 | 30.9.2022. | 650 |
| 22 | 8.10.2022 | 650 |
| 23 | 21.10.2022 | 650 |
| 24 | 31.10.2022 | 650 |
| ആകെ | | 15300 |

ക്രമനമ്പർ 2-ലെയും 3-ലെയും ബിൽ നമ്പറിൽ ഉൾപ്പെട്ട തുക

| ക്രമ നമ്പർ | കുടിവെള്ളം വാങ്ങിയ തീയതി | അനുവദിച്ച തുക ₹ |
|---|---|---|
| 1 | 8.11.2022 | 650 |
| 2 | 19.11.2022 | 650 |
| 3. | 26.11.2021 | 650 |
| 4 | 3.12.2022 | 650 |
| 5 | 10.12.2022 | 650 |
| 6 | 28.12.2022 | 650 |
| 7 | 2.1.2023 | 650 |
| 8 | 12.1.2023 | 650 |
| 9 | 3.2.2023 | 650 |
| 10 | 11.2.2023 | 650 |
| 11 | 23.2.2023 | 2600 |
| 12 | 4.3.2023 | 750 |
| 13 | 11.3.2023 | 750 |
| 14 | 21.3.2023 | 750 |
| 15 | 28.3.2023 | 750 |
| ആകെ | | 12100. |

മുകളിൽ പരാമർശിച്ചിട്ടുള്ള തീയതികളിൽ അനുവദിച്ച തുകയ്ക്ക് വാങ്ങിയിട്ടുള്ള, കുടി വെള്ളത്തിന്റെ അളവ്, വില എന്നിവ രേഖപ്പെടുത്തിയിട്ടുള്ള ബിൽ, വെള്ളം വിതരണം ചെയ്ത വകയിൽ തുക ലഭ്യമാക്കുന്നതിനുള്ള അപേക്ഷ എന്നിവ ഹാജരാക്കുവാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/21.7.2023) കുടിവെള്ളം വിതരണം ചെയ്യുന്ന ദിവസം തന്നെ തുക നൽകിവരുന്ന രീതിയാണ് ജനകീയ ഹോട്ടൽ ജീവനക്കാർ അവലംബിച്ചിരിക്കുന്നത് എന്നും വെള്ളത്തിന്റെ കൃത്യമായ അളവ്, വില എന്നിവ രേഖപ്പെടുത്തിയ ബിൽ, വെള്ളം വിതരണം ചെയ്ത വകയിൽ തുക ലഭ്യമാക്കുന്നതിനുള്ള അപേക്ഷ എന്നിവ വാങ്ങി വയ്ക്കുന്നതിൽ അറിവില്ലായ്മ കാരണം വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിരുന്നില്ല എന്നുമുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. പ്രസ്തുത മറുപടി തൃപ്തികരമല്ല.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിന് വാങ്ങിച്ച സാധനങ്ങളുടെ ചെലവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും, ഹാജരാക്കുന്നതിന് പകരം കുടി വെള്ളം വാങ്ങിച്ച സ്ഥാപനത്തിന്റെ പേരോ, വാങ്ങിച്ച കുടി വെള്ളത്തിന്റെ കൃത്യമായ അളവോ, വിലയോ രേഖപ്പെടുത്താതെ കേവലം തീയ്യതിയും, തുകയും മാത്രം രേഖപ്പെടുത്തിയ ഒരു വൗച്ചറിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 സ്ത്രീ പദവി പഠനം - തുടർ പ്രവർത്തനങ്ങളുടെ വിവരം ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ, പേര് | 97/23, സ്ത്രീ പദവി പഠനം |
| അടങ്കൽ | ₹50000 വികസന ഫണ്ട് ജനറൽ |
| ചെലവ്, ബിൽ നമ്പർ, തീയതി | ₹11650, 20/22-23, 30-03-23 |

ഗ്രാമ പഞ്ചായത്തിലെ സ്ത്രീകളുടെ അവസ്ഥയും സ്ഥിതിവിവര കണക്കും തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ സ്ത്രീകളുടെ പദവി പഠനം നടത്തി (പദ്ധതിയുടെ മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിനും ഡാറ്റാ കളക്ഷൻ, ക്രോഡീകരണം, ഡോക്യുമെന്റേഷൻ, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിനും) പഞ്ചായത്ത് സ്ത്രീ സൗഹൃദമാക്കുന്നതിന് നടത്തേണ്ടുന്ന പ്രവർത്തനങ്ങൾ തിരിച്ചറിയുന്നതിനും സ്ത്രീകളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനും വേണ്ടിയാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് വാർഡ് തലങ്ങളിൽ പരിശീലനം നടത്തേണ്ടവർക്കുള്ള പരിശീലനം നടത്തിയതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതിയുടെ തുടർ പ്രവർത്തന വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. സ്ത്രീകളുടെ പദവി പഠനം നടത്തി സ്ഥിതിവിവര കണക്ക് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും പദ്ധതിയുടെ പൂർത്തീകരണ പത്രവും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/19-07-23) പദ്ധതി ഈ വർഷവും തുടരുന്നുണ്ടെന്നാണ് മറുപടി നൽകിയിട്ടുള്ളത്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് സ്ത്രീകളുടെ പദവി പഠനം നടത്തി സ്ഥിതിവിവര കണക്ക് തയ്യാറാക്കിയതിന്റെ വിവരങ്ങളും പദ്ധതിയുടെ പൂർത്തീകരണ പത്രവും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-25 സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം – പദ്ധതി പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ, പേര് | 53/23, സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം (സ്പിൽ ഓവർ) |
| അടങ്കൽ ₹37000 | ₹ 36273 വികസന ഫണ്ട് ജനറൽ<br>₹727 തനത് ഫണ്ട് |
| ചെലവ് | ₹12000 |
| ബിൽ നമ്പർ, തീയതി | 22190152037100424993, 17-8-22 |

സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ക്യൂ ആർ കോഡ് ലഭ്യമാക്കിയതിന്റെ ചെലവിനത്തിൽ മേൽ പദ്ധതി പ്രകാരം ₹12000 കെൽട്രോണിന് അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. കെൽട്രോൺ ലഭ്യമാക്കിയ പ്രഫോർമ ഇൻവോയ്സ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ₹12000 ക്ക് ക്യൂ ആർ കോഡ് ലഭ്യമാക്കിയതിന്റെ ടാക്സ് ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. പ്രോജക്ട് നമ്പർ 53/23, സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം എന്ന പ്രോജക്ടും അത് സംബന്ധിച്ച ചെലവ് വിവരങ്ങളും സുലേഖ ചെലവ് പത്രികയിൽ ലഭ്യമല്ല. ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ എത്ര പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടെന്നും പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച തുകകളുടെ വിവരവും കെൽട്രോണുമായി ഉണ്ടാക്കിയ കരാറും സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പൂർണ്ണമായി പ്രവർത്തന സജ്ജമാക്കിയതിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-26 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (ജനറൽ) - പൂർത്തീകരണ വിവരം

ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ, പേര് | 54/23, വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (ജനറൽ) |
| അടങ്കൽ | ₹1616318 (വികസന ഫണ്ട് ജനറൽ) |
| ചെലവ് | ₹1516318 |

ജനറൽ വിഭാഗം ഗുണഭോക്താക്കളുടെ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനായി തയ്യാറാക്കിയ മേൽ പദ്ധതിയുടെ ഭാഗമായി ബാബുരാജ് എം, കിളിക്കൂട്, അമ്പലപ്പുറം എന്ന ഗുണഭോക്താവിന് ബിൽ നമ്പർ 22190152037100380303, തീയതി 3-8-22 പ്രകാരം ₹50000 മുൻകൂർ അനുവദിച്ചിട്ടുണ്ട്. ടിയാൻ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് വാലേഷൻ സമർപ്പിച്ചിട്ടില്ല. ബാക്കിയുള്ള 23 ഗുണഭോക്താക്കളും വാലേഷൻ സമർപ്പിച്ച് അവസാന ഗഡു സഹായം കൈപ്പറ്റിയിട്ടുണ്ട്. ആയതിനാൽ ബാബുരാജ് എം എന്ന ഗുണഭോക്താവ് എത്രയും പെട്ടെന്ന് പണി പൂർത്തീകരിച്ച് രേഖകൾ ലഭ്യമാക്കി എന്നുറപ്പ് വരുത്തി അവസാന ഗഡു സഹായം അനുവദിക്കേണ്ടതും അല്ലാത്തപക്ഷം ടിയാന് മുൻകൂർ അനുവദിച്ച തുക തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-27 ഗാർഹിക റിംഗ് കമ്പോസ്റ്റ് ജനറൽ- അധികം ഈടാക്കിയ ഗുണഭോക്തൃ വിഹിതം - ഗുണഭോക്താക്കൾക്ക് തിരികെ നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല, ചെലവുതുക ₹675000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ, പേര് | 9/23, ഗാർഹിക റിംഗ് കമ്പോസ്റ്റ് ജനറൽ |
| അടങ്കൽ ₹1199350 | ₹675000 ധനകാര്യ കമ്മീഷൻ അവാർഡ്<br>₹339150 തനത് ഫണ്ട്<br>₹105200 മറ്റുള്ളവ |
| ചെലവ്,<br>ബിൽ നമ്പർ, തീയതി (ACR പ്രകാരം) | ₹675000 – ധനകാര്യ കമ്മീഷൻ അവാർഡ്<br>162/7-1-2023<br>₹109500 – ഗുണഭോക്തൃ വിഹിതം |

ചെറുകുന്ന് ഗ്രാമ പഞ്ചായത്തിൽ മാലിന്യ സംസ്കരണത്തിന് ധനസഹായം ലഭിക്കാത്ത കുടുംബങ്ങൾക്ക് റിംഗ് കമ്പോസ്റ്റ് ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. അക്രഡിറ്റഡ് ഏജൻസിയായ റെയ്ഡ്കോയുമായി എഗ്രിമെന്റ് വച്ച് പദ്ധതി നടപ്പിലാക്കുന്നതിനും റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യുന്ന മുറയ്ക്ക് റെയ്ഡ്കോയ്ക്ക് തുക കൈമാറുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. സർക്കാർ ₹3750 യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച റിംഗ് കമ്പോസ്റ്റ് ₹2990 യ്ക്ക് വിതരണം ചെയ്യാൻ റെയ്ഡ്കോ സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഗുണഭോക്താക്കളെ ചേർത്ത് ലിസ്റ്റ് വിപുലീകരിക്കാൻ ഭരണസമിതി തീരുമാനമെടുക്കുകയും (15-11-22 ലെ 4/275/22, 18-03-23 ലെ 4/91/23) നമ്പർ തീരുമാനങ്ങൾ- യഥാക്രമം 51 പേരെയും 114 പേരെയും കൂട്ടിച്ചേർക്കാൻ) അതനുസരിച്ച് ആദ്യം തയ്യാറാക്കിയ 210 പേരുടെ ലിസ്റ്റിന്റെ കൂടെ 66 പേരെ പിന്നീട് കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. അക്രഡിറ്റഡ് ഏജൻസിയായ റെയ്ഡ്കോയുമായി കരാറിൽ ഏർപ്പെട്ടു എന്ന് പറയുന്നുണ്ടെങ്കിലും റെയ്ഡ്കോ മാനേജർ മാത്രം ഒപ്പിട്ടതും നിബന്ധനകൾ എഴുതിച്ചേർക്കാത്തതുമായ മുദ്രപ്പത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

2. റെയ്ഡ്കോയുടെ 6-2-23 ലെ KNR/1813/2022-23 നമ്പർ Tax Invoice പ്രകാരം 251 റിംഗ് കമ്പോസ്റ്റുകൾ ₹750490-ക്ക് വാങ്ങിയിട്ടുണ്ടെങ്കിലും ₹675000 മാത്രമാണ് റെയ്ഡ്കോയ്ക്ക് കൈമാറിയിട്ടുള്ളത്. 215 പേരുടെ കൈപ്പറ്റ് വിവരം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

3. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത മാന്വൽ രശീത് പരിശോധിച്ചതിൽ രശീത് ബുക്ക് നമ്പർ 2403 ൽ രശീത് നമ്പർ 1 മുതൽ 8 വരെ ₹375 രൂപയാണ് ഈടാക്കിയിട്ടുള്ളത്. രശീത് നമ്പർ 9 മുതൽ 65 വരെ ആകെ 57 രശീതുകൾ (രശീത് നമ്പർ 62 വരെ 28-10-22 നും 63, 64, 65 രശീതുകൾ 29-10-22 നുമാണ് നൽകിയിട്ടുള്ളത്) ₹375 രൂപ ഈടാക്കി രശീത് നൽകിയത് വെട്ടിത്തിരുത്തി ₹300 ആക്കി മാറ്റിയിട്ടാണ് തുക ഈടാക്കിയിട്ടുള്ളത്. തെറ്റായി തുക രേഖപ്പെടുത്തിയ

രശീതുകൾ കാരണം കാണിച്ച് ക്യാൻസൽ ചെയ്ത് ഗുണഭോക്താക്കൾക്ക് പുതിയ രശീത് നൽകാത്തതിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

രശീത് നമ്പർ 9 മുതൽ 65 വരെയുള്ള 57 ഗുണഭോക്താക്കളിൽ നിന്നും അധികം ഈടാക്കിയ ₹75 തിരികെ നൽകിയതായി കാണിച്ച് കൈപ്പറ്റ് രശീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ ക്രമ നമ്പർ 12, 13 മുതൽ 31 വരെ ഗുണഭോക്താക്കളുടെ ₹75 വീതം കൈപ്പറ്റിയിരിക്കുന്നത് സെയ്ഫ് പി എന്ന വ്യക്തിയാണ്. ടിയാൾക്ക് പ്രോജക്ടുമായുള്ള ബന്ധം എന്താണെന്ന് വ്യക്തമല്ല. യഥാർത്ഥ ഗുണഭോക്താക്കൾക്ക് തുക തിരിച്ചു ലഭിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

4. 1 മുതൽ 8 വരെയുള്ള രശീതികളിൽ ഗുണഭോക്താക്കളിൽ നിന്നും ₹75 വീതം അധികം ഈടാക്കിയിട്ടുണ്ട്. ഇത് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് തിരികെ നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

സുലേഖ ചെലവു പത്രികയിൽ ₹105200 യാണ് ഗുണഭോക്തൃ വിഹിതമായി ചേർത്തിട്ടുള്ളത്. എന്നാൽ 2022-23 വർഷം നിർവ്വഹണ ഉദ്യോഗസ്ഥ പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം കളക്ഷൻ രജിസ്റ്റർ പ്രകാരം ₹109500 യാണ്. പൊരുത്തക്കേടിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

5. 2022-23 വർഷം ഗാർഹിക റിംഗ് കമ്പോസ്റ്റ് ജനറൽ എന്ന പ്രോജക്ടിൽ (പ്രോജക്ട് നമ്പർ 9/23) ഉൾപ്പെടുത്തിയ ഗുണഭോക്താക്കളുടെ എണ്ണം, വകയിരുത്തിയതും പിരിച്ചെടുത്തതുമായ ഗുണഭോക്തൃവിഹിതം, ആയത് റെയിഡ്കോയ്ക്ക് കൈമാറിയതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും മേല്പറഞ്ഞ അപാകങ്ങൾ പരിഹരിക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/24-07-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവുതുക ₹675000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ മറുപടി ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 68/23, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ ₹300000 | ₹150000 (വികസന ഫണ്ട് ജനറൽ)<br>₹150000 (മറ്റുള്ളവ) |
| ചെലവ് ₹300000 | ബിൽ നമ്പർ 5/22-23, 15-3-2023, ₹150000 – വികസനഫണ്ട് |

ചെറുകുന്ന് ഗ്രാമ പഞ്ചായത്തിലെ കന്നുകുട്ടികളുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതിയാണിത്. 4-6 മാസം പ്രായമുള്ള പെൺകിടാരികളെയാണ് പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. കന്നുകുട്ടികൾക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ ലഭ്യമാക്കുകയും പദ്ധതിക്കാലയളവ് തീരുന്നതുവരെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുന്നു. 12 ഗുണഭോക്താക്കൾക്ക് ഗ്രാമ പഞ്ചായത്ത് ഭരണസമിതി തെരഞ്ഞെടുത്ത (തീരുമാനം നമ്പർ 66/23, 28-2-2023) കണ്ണപുരം ക്ഷീര സഹകരണ സംഘം വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾചുവടെ കൊടുക്കുന്നു.

1. ₹ 150000 പിൻവലിച്ച് 15-3-2023 ന് എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ 71901140 0000003 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും മേൽ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം/നാളിതുവരെയുള്ള പുരോഗതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

2. സ.ഉ.(കൈ) 115/228/ത.സ്വ.ഭ.വ, തീയതി 28-05-22 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.3.7 പ്രകാരം മൃഗാസ്പത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് ചേർത്തിട്ടുള്ള കന്നുകുട്ടികളെ ഉൾപ്പെടുത്തി ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റാണ് പ്രോജക്ടിനായി ഉപയോഗിക്കേണ്ടത്. മൃഗാസ്പത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്റർ പരിശോധിച്ചതിൽ കന്നുകുട്ടികളെ തിരിച്ചറിയുന്നതിനാവശ്യമായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. കന്നുകുട്ടികളുടെ ടാഗ് നമ്പർ/ഇൻഷ്വർ ചെയ്ത നമ്പർ എന്നിവ രേഖപ്പെടുത്താത്തതിനാൽ തെരഞ്ഞെടുക്കപ്പെട്ട 12 കന്നുകുട്ടികൾ ഏതൊക്കെയാണെന്ന് വ്യക്തമായിട്ടില്ല.

3. പ്രോജക്ടിൽ പദ്ധതിക്കാലയളവ് തീരുന്നതുവരെ കന്നുകുട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും കന്നുകുട്ടികളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

4. തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് പദ്ധതിയെക്കുറിച്ച് എസ് എൽ ബി പി വെറ്റിനറി സർജൻ പരിശീലനം നൽകുമെന്ന് പ്രോജക്ടിൽ പറഞ്ഞിട്ടുണ്ടെങ്കിലും പരിശീലനം നൽകിയതിന്റെ രേഖകൾ ലഭ്യമല്ല.

5. തുക ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട കൊവ്വപ്പുറം ഡിസ്പെൻസറി വെറ്റിനറി സർജന്റെ 15-3-23 ലെ 17/2023 -ാം നമ്പർ നടപടിക്രമത്തിൽ 12 ഗുണഭോക്താക്കൾക്ക് 28 മാസം കാലിത്തീറ്റ വിതരണം നടത്തുമെന്നാണ് പറഞ്ഞിട്ടുള്ളത്. കന്നുകുട്ടികളുടെ പ്രായം, തൂക്കം, ആദ്യപ്രസവത്തിലെ പ്രായം, ഉല്പാദനം എന്നിവ മൂന്ന് മാസത്തിലൊരിക്കൽ മോണിറ്ററിംഗ് ചെയ്യാനാണ് പ്രോജക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെങ്കിലും ആയതിന് വിരുദ്ധമായി പദ്ധതി പൂർത്തീകരിച്ചതായി കാണിച്ച് മോണിറ്ററിംഗ് കമ്മിറ്റി പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്നതിനു മുൻപേ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-29 ഹരിതമോഹനം പദ്ധതി -പദ്ധതി നടത്തിപ്പ് സംബന്ധിച്ച്

പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും കൃഷി വ്യാപിക്കുന്നതിലൂടെ കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കൃഷി ഓഫീസർ നടപ്പിലാക്കിയ മേൽ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബിൽ നമ്പർ 221901520310009005502/13-12-2022 പ്രകാരം ₹ 32,000/- പിൻവലിച്ച് ₹4000/വീതം പഞ്ചായത്തു പരിധിയിലുള്ള 8 സ്കൂൾ പ്രധാനാദ്ധ്യാപകരുടെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. ഓരോ സ്കൂളിനും 10 സെന്റ് സ്ഥലം സ്വന്തമായുണ്ടാകണമെന്ന് പ്രോജക്റ്റിൽ പരാമർശിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ 9 എ(1) പ്രകാരം കൃഷി പ്രോത്സാഹിപ്പിക്കാൻ അനുമതി ഉണ്ടെങ്കിലും ഈ പദ്ധതിയുടെ ഫലമായി കുട്ടികളിലെ കാർഷിക താൽപ്പര്യം എങ്ങിനെ വളർന്നു എന്നത് സംബന്ധിച്ച വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല. ഇത് സംബന്ധിച്ച വിശദമായ പ്രവർത്തന റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

## 1-30 സ്മാർട്ട് ഐ ഫെയ്സ്-1 - നിർവഹണം സംബന്ധിച്ച് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ₹177000 തടസ്സപ്പെടുത്തുന്നു.

ചെറുകുന്ന് ഗ്രാമ പഞ്ചായത്തിൽ മാലിന്യനിക്ഷേപം നിയന്ത്രിക്കുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുമായി പൊതു ഇടങ്ങളിൽ സിസിടിവികൾ സ്ഥാപിക്കുന്നതിനായുള്ള മേൽ പ്രോജക്റ്റിന്റെ നടത്തിപ്പിനായി ₹ 1,77,000/(പ്ലാൻ ഫണ്ട് ₹ 1,72,128/ (ബിൽ നമ്പർ 299/30.3.23), തനതു ഫണ്ട് ₹4872/(വൗച്ചർ നം. 22200977/31.3.23)) അടങ്കൽ വെച്ച് തനതു ഫണ്ടിൽ നിന്ന് ₹4872/ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ഈ തുക (₹4872/) ജില്ലാ പഞ്ചായത്തിന് കൈമാറി (അക്കൗണ്ട് നമ്പർ799011400000958). ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കണ്ണൂർ എഞ്ചിനീയറിംഗ് കോളേജുമായി സഹകരിച്ചാണ് പ്രേജക്റ്റ് നടപ്പിലാക്കാൻ നിശ്ചയിച്ചിരുന്നത്.

എവിടെയെല്ലാം സിസിടിവികൾ സ്ഥാപിക്കണം എന്നതു സംബന്ധിച്ച്പഞ്ചായത്തു തലത്തിൽ പഠനം നടത്തിയിട്ടുണ്ടോയെന്നും മേൽ പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണെന്നും അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.22/19.07.2023) മറുപടിയിൽ പദ്ധതി സ്പിൽ ഓവർ ആക്കിയിട്ടുണ്ടെന്നും (പ്രോ.നം.112/24) ഇതിനായി പ്ലാൻഫണ്ടിൽ നിന്ന് ₹1,72,128/ ജില്ലാ പഞ്ചായത്ത് അക്കൌണ്ടിലേക്ക് 15.06.2023 ൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും ക്യാമറകൾ സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്തിന് കത്തു നല്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ₹177000-യുടെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 ഉപയോഗ ശൂന്യമായ കമ്പ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ എന്നിവ വില്പന നടത്തേണ്ടതു സംബന്ധിച്ച്

പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കാത്തതും ഉപയോഗ ശൂന്യമായതുമായ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക്റജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കണമെന്നു കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ (നം.19/19.07.23) 5 പ്രിന്റർ, 5 മോണിറ്റർ, 3 ഡെസ്ക്ടോപ്പ് എന്നിവ ഉപയോഗ ശൂന്യമാണെന്നും ആയവ ലേലം ചെയ്യുന്നതിന് (മൂല്യനിർണ്ണയ റിപ്പോർട്ട് ഉൾപ്പെടെ) ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്നും അസിസ്റ്റന്റ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി കാഞ്ഞങ്ങാട് ഇ.എ2/099/ജി.പി. തീ.10.10.2022 കത്തു പ്രകാരം അറിയിച്ചിട്ടുണ്ടെന്നും പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കാത്തതും ഉപയോഗ ശൂന്യമായതുമായ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 വായനശാലകൾക്ക് നല്കുന്ന ദിനപത്രങ്ങൾ തിരിച്ചുവാങ്ങി വില്പന നടത്തേണ്ടതു

സംബന്ധിച്ച്

പഞ്ചായത്തിന്റെ അധീനതയിൽ 19 വായനശാലകളുണ്ട്. ഇതിൽ 17 വായനശാലകൾക്ക് പഞ്ചായത്തിൽ നിന്ന് ദിനപത്രം വിതരണം ചെയ്യുന്നുണ്ട്. ഈ വകയിൽ ഓഡിറ്റ് വർഷം 120364 രൂപ ചെലവഴിച്ചിട്ടുണ്ട്. തനതു വരുമാനം വളരെ കുറഞ്ഞ പഞ്ചായത്തായതിനാൽ ദിനപത്രങ്ങൾ തിരിച്ചുവാങ്ങി വിൽപ്പന നടത്തുന്ന കാര്യം ആലോചിക്കാവുന്നതാണ്.

1-33 തനതുവരുമാന വർദ്ധനവ്-- അവലോകനം

കണ്ണൂർ ജില്ലയിലെ വിസ്തൃതി കുറഞ്ഞ ഗ്രാമ (15.37 ചതുരശ്ര കിലോമീറ്റർ) ഗ്രാമപഞ്ചായത്തുകളിലൊന്നാണ് മൂന്ന ഭാഗവും പുഴയോരങ്ങളാൽ ചുറ്റപ്പെട്ടു കിടക്കുന്ന ചെറുകുന്ന് ഗ്രാമപഞ്ചായത്ത് നഗരസ്വഭാവമുള്ള പഞ്ചായത്താണെങ്കിലും പുഴയോരങ്ങളുടെയും തുരുത്തുകളുടെയും സി ആർ സെഡ് പ്രദേശങ്ങളുടെയും സാന്നിദ്ധ്യമുള്ളതിനാൽ ഇവിടെ വർദ്ധിച്ച തോതിലുള്ള കെട്ടിട നിർമ്മാണങ്ങൾ താരതമ്യേന കുറവാണ്. വസ്തുനികുതി, തൊഴിൽ നികുതി, വിവിധ ലൈസൻസ് ഫീസുകൾ, ലേലം, രജിസ്ട്രേഷൻ ഫീസുകൾ എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകൾ. റവന്യൂ ചെലവുകൾ പ്രതിവർഷം കൂടി വരുന്ന സാഹചര്യത്തിൽ തനത് വരുമാന സമാഹരണം കാര്യക്ഷമമാക്കേണ്ടതുണ്ട്. തനതു വരുമാനത്തിൽ ഭൂരിഭാഗവും റെസിഡൻഷ്യൽ, നോൺ-റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ നികുതി ഇനത്തിലുള്ള വരുമാനമാണ്. മറ്റു ഗ്രാമ പഞ്ചായത്തുകളെ അപേക്ഷിച്ച് കെട്ടിടങ്ങൾ കുറവായതിനാൽ തന്നെ ഇവിടെ കാര്യക്ഷമമായ രീതിയിൽ കെട്ടിടനികുതി പിരിവ് നടന്നു വരുന്നുണ്ട് (വർഷങ്ങളായി വസ്തുനികുതി കുടിശ്ശിക ഇല്ല).

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ പഞ്ചായത്ത്രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് എല്ലാ ഗ്രാമ പഞ്ചായത്തുകളും 5 വർഷത്തിലൊരിക്കൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 22-2-23 ലെ സ.ഉ.(കൈ) 77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം ചെയ്യേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. 2011 ലെ പഞ്ചായത്ത്രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ചെറുകുന്ന് ഗ്രാമ പഞ്ചായത്തിലെ വസ്തുനികുതി നിരക്കുകൾ മേഖലകളുടെ തരംതിരിവ്, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ എന്നിവയുടെ അടസ്ഥാനത്തിൽ 01-04-2023 തീയ്യതി പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് 19-05-2023 ലെ 192/23-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി കരട് വിജ്ഞാപനം 03-07-2023 ന് പത്രത്തിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചെറുകുന്ന് ഗ്രാമ പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും വിവരശേഖരണം നടത്തി അനധികൃത നിർമ്മാണം നടത്തിയ കെട്ടിടങ്ങൾ ഉണ്ടെങ്കിൽ കണ്ടെത്തി നിയമാനുസൃത നികുതി ഈടാക്കുന്നതിനുള്ള തുടർ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. കെട്ടിടങ്ങളുടെ വിവര ശേഖരണം നടത്തി ആയത് സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി ചെയ്ത് വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിന് ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ള ഉദ്യാഗാർത്ഥികളെ വാക്ക് ഇൻ ഇന്റർവ്യൂ വച്ച് തെരഞ്ഞെടുത്തിട്ടുണ്ടെന്നും വസ്തുനികുതി പരിഷ്കരണം അന്തിമ വിജ്ഞാപനം ചെയ്യുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണെന്നും പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്.

2011 ലെ പഞ്ചായത്ത്രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തിൽ വസ്തുനികുതി പരിഷ്കരണം നടത്തിയതുമായി ബന്ധപ്പെട്ട് 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകളുടെ വിവരങ്ങൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. അന്തിമ വിജ്ഞാപനം, മറ്റു റോഡുകളുടെ വിവരങ്ങൾ, മേഖലാ വിഭജനം സംബന്ധിച്ച വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പുതിയ വിജ്ഞാപന പ്രകാരം മേഖല, റോഡുകൾ എന്നിവ പുതുക്കി നിശ്ചയിച്ചതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ദ്വിതീയ മേഖല, തൃതീയ മേഖല എന്നിവയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ യഥാക്രമം 10%, 20% എന്നിങ്ങനെ ഇളവുള്ളതിനാൽ കൂടുതൽ മേഖലകളെ പ്രാഥമിക മേഖലയിൽ ഉൾപ്പെടുത്തുന്നത് വരുമാന വർദ്ധനവിന് കാരണമാകും. പുതുതായി അന്തിമ നിരക്കുകൾ വിജ്ഞാപനം ചെയ്യുമ്പോൾ ഏറ്റവും ചെറിയ നിരക്കുകളിൽ നികുതി നിശ്ചയിക്കാതെ സ്ലാബുകൾ അല്പം ഉയർത്തി നിരക്കുകൾ നിശ്ചയിക്കുന്നതും വരുമാന വർദ്ധനവിന് ഉതകുന്നതാവും. തെരുവു വിളക്ക് , ഡ്രെയിനേജ് തുടങ്ങി ഗ്രാമപഞ്ചായത്ത് നല്കുന്ന സേവനങ്ങളുമായി ബന്ധപ്പെടുത്തി സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യതകളും പരിശോധിക്കാവുന്നതാണ്.

ചെറുകുന്ന് ഗ്രാമ പഞ്ചായത്തിൽ 7,9 വാർഡുകളിൽ അനധികൃതമായി പണിതിട്ടുള്ള ബി എസ് എൻ എൽ ന്റെ 2 ടെലികോം ടവറുകൾ 2011 ലെ കേരള പഞ്ചായത്ത്രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 118 ന് വിരുദ്ധമായി നിർമ്മിച്ച് പ്രവർത്തനം നടത്തി വരുന്നതായി ഫീൽഡ്തല പരിശോധനയിൽ ബോധ്യപ്പെട്ടതിനാൽ ആയത്

ക്രമവത്ക്കരിച്ച് 7/166 A, 9/240A എന്നീ നമ്പർ അനുവദിക്കുകയും ഇവയിൽ നിന്നും യഥാക്രമം ₹5372, ₹10843 രൂപ വീതം നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

തനത് വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിലുള്ള ഇടപെടലുകളും തീരുമാനങ്ങളും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 10.07.2023 മുതൽ 11.07.2023 വരെ | കെ.എസ്.എ/കെ.എൻ.ആർ/സി.16 /1166/2023 തീയതി: 06.10.2023 |

### 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്, നമ്പർ | ചെലവ് (₹) |
|---|---|---|---|---|
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2022-23 | 253070 | സാന്ത്വന പരിചരണം 15/23 | 253070 |
| | | 53000 | ക്ഷീരകർഷകർക്ക് പാലിന് അധിക വില നൽകൽ 116/23 | 53000 |
| | | 80710 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 23/23 | 80710 |
| | | 637500 | നെൽകൃഷിക്ക് വിത്തും കൂലിച്ചെലവും 61/23 | 637500 |
| | | 50000 | മഞ്ഞൾ ഗ്രാമം126/23 | 50000 |
| | | 100000 | വീട് റിപ്പയർ അക്ഷയ 61/23 | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 340000 | നെൽകൃഷിക്ക് വിത്തും കൂലിച്ചെലവും 61/23 | 340000 |
| | | 242130 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 23/23 | 242130 |
| | | 225000 | ക്ഷീരകർഷകർക്ക് പാലിന് അധിക വില നൽകൽ 116/23 | 225000 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ, കെ.യു.ർ.ഡി.എഫ്.സി. – ലൈഫ് ഭവന നിർമ്മാണ പദ്ധതി | ലഭ്യമല്ല | 1980000 | 967999 | 546580 | - | 421419 |

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമ പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൽ ഇല്ല. 30,000 രൂപയുടെ ഷെയർ സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന ഷെയർ സർട്ടിഫിക്കറ്റുകളുടെ മൂല്യം | 30000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 30000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന ഷെയർ സർട്ടിഫിക്കറ്റുകളുടെ മൂല്യം | 30000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| | | 2013-14 പ്രവർത്തനാവലോകനം | 5.1.5.8 | മഴവെള്ള സംഭരണികൾ പരാജയമായി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| | | ---ടി--- | 5.1.5.11 | നൂതന ആശയമായ ഒതയമ്മാടം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പരാജയമായി | ---ടി--- |
| | | ---ടി--- | 5.1.5.13 | കുടിവെള്ള പദ്ധതികളുടെ നിർവഹണം ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയില്ല | ---ടി--- |

| | | | | | |
|---|---|---|---|---|---|
| | | ---ടി--- | 5.1.5.2 | ജലസ്രോതസുകൾ മാലിന്യ ക്ലമ്പാരമായി | ---ടി--- |
| 2014-15 | 2-2, 2-3 | 2016-17 | 2 | തൊഴിൽ നികുതി | |
| 2015-16 | 2-1, 2-2 | 2016-17 | 2 | തൊഴിൽ നികുതി | |
| 2019-20 | 1-30 | 2020-21 | അനുബന്ധം -2 | മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ ഓഡിറ്റ് നിരീക്ഷണങ്ങൾ | |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹24932364 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹22539917 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ₹1233965 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 2250 | ഡോ. ധന്യ, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 1-14 | 20000 | ഡോ. അമൂല്യ ഭാർഗവൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-15 | 30000 | ഡോ. അമൂല്യ ഭാർഗവൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-16 | 60000 | ഡോ. അമൂല്യ ഭാർഗവൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-17 | 200000 | ഡോ. അമൂല്യ ഭാർഗവൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-19 | 10199 | ശ്രീ. രഘുനാഥൻ, ഹെഡ്മാസ്റ്റർ |
| 1-20 | 16000 | ശ്രീ. രഘുനാഥൻ, ഹെഡ്മാസ്റ്റർ |
| 1-21 | 39040 | ശ്രീ. രഘുനാഥൻ, ഹെഡ്മാസ്റ്റർ |

| | | |
|---|---|---|
| 1-22 | 4476 | ശ്രീ. രഘുനാഥൻ, ഹെഡ്മാസ്റ്റർ |
| 1-27 | 675000 | ഐശ്വര്യ ലക്ഷ്മി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-30 | 177000 | നിഷ കെ.പി., സെക്രട്ടറി ഇൻ ചാർജ്ജ് |
| ആകെ | 1233965 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസത്തിന് ഉത്തരവാദികളായവരുടെ പേരും മേൽ വിലാസവും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ധന്യ, മെഡിക്കൽ ഓഫീസർ (ആയുർവേദം) | മെഡിക്കൽ ഓഫീസർ (ആയുർവേദം), ഗവ.ആയുർവേ ഡിസ്പെൻസറി, താവം, ചെറുകുന്ന് | സിതാര, കാനത്തൂർ റോഡ്, പള്ളിക്കുന്ന്, കണ്ണൂർ |
| ഡോ. അമൂല്യ ഭാർഗവൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), പി.എച്ച്.സി പുന്നച്ചേരി | തേജസ്, കൊട്ടപ്പാലം, പാപ്പിനിശ്ശേരി പി.ഒ |
| ശ്രീ. രഘുനാഥൻ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ഗവ. നോർത്ത് എൽ.പി. സ്കൂൾ ചെറുകുന്ന് | അഴീക്കോടൻ ഹൗസ്, മൗവ്വഞ്ചേരി, പി.ഒ ചേലോറ |
| ഐശ്വര്യ ലക്ഷ്മി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, താവം സർക്കിൾ, ചെറുകുന്ന് | സുരഭി നിവാസ്, പേരൂർ കാരായ്മ, ചാരുമൂട് പി.ഒ., ആലപ്പുഴ |
| നിഷ കെ.പി., സെക്രട്ടറിയുടെ ഇൻ ചാർജ്ജ് | അസി. സെക്രട്ടറി, ചെറുകുന്ന് ഗ്രാമപഞ്ചായത്ത് | പയ്യരട്ട ഹൗസ്, കൊട്ടില പി.ഒ., ഏഴോം |

## 4-11 തീർപ്പാക്കാൻഅവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.16 /1257/2022 തീയതി 03.09.2022 | 3 |
| 2018-19 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി.16/1257/2022 തീയതി 03.09.2022 | 1 |

| | | |
|---|---|---|
| 2019-20 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി.12/1301/2022 തീയതി 03.09.2022 | 30 |
| 2020-21 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി.16/443/2022 തീയതി 03.09.2022 | 8 |
| 2021-22 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി.16/1772/2022 തീയതി 10.03.2023 | 21 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 234/23 dated 23-06-2023 and submitted on 23-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Cherukunnu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Cherukunnu Grama Panchayat for the year 2022-2023

Date: 06/10/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Cherukunnu Grama Panchayat for the Year 2022-2023.

**1.Major Observations**

1.Net increase/decrease in cash flow for the current year in the cash flow statement does not match the amount shown in the statement as the difference between the opening balance and the closing balance of cash and cash equiivalenets.
2.The calculation sheets of Assets and depreciation not produced for verification.

**2.Other Observations**

1.Schedule B-1, which includes an estimate of adjusted operating results for the current year, is not included in the AFS.
2.Financial ratios prescribed in Rule 62(f) of the Kerala Panchayat Raj (Accounts) Rules are not included.
3.Central Finance Commision grant and MGNREGA-The amounts entered in registers mismatched with the Annual Financial Statements.

4.Advances given to implimenting officers - Details not available.

5.MGNREGA Opening balance The previous year clossing balance as per RP 40(b) Shedule is 30000 and B-4 Schedule is 0. The difference is not explained.

6.Profession tax, auction - receivables are not included in the annual financial Statement

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

# ധനകാര്യ പത്രികകൾ

1. റസീറ്റ്&പേമെന്റ് സ്റ്റേറ്റ്മെന്റ്

Cherukunnu Grama Panchayat RECEIPT & PAYMENT STATEMENT
For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 7109225.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1198020.00 |
| 140000000 | Fees & User Charges | RP-4 | 344844.00 |
| 150000000 | Sale & Hire Charges | RP-5 | 75605.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 8065000.00 |
| 171000000 | Interest Earned | RP-9 | 232415.00 |
| 190000000 | Prior Period Income | RP-11 | 4800.00 |
| 311000000 | Earmarked Funds | RP-28 | 33317.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 8189961.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5656548.00 |
| 460000000 | Loans, Advances and Deposits | RP-49 | 30290.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 45007.00 |
| 340000000 | Deposits Received | RP-33 | 144992.00 |
| 350000000 | Other Liabilities | RP-35 | 911565.00 |
| | Grand total | | 32041589.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 100200.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-20 | 36480.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 595.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1964527.00 |
| 460000000 | Loans, Advances and Deposits | RP-49 | 293646.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 58438.00 |
| 350000000 | Other Liabilities | RP-35 | 20086031.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 9501672.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 32041589.00 |

2. ഇൻകം&എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Cherukunnu Grama Panchayat INCOME & EXPENDITURE STATEMENT<br>For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4912998.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1128500.00 |
| 140000000 | Fee & User Charges | I-4 | 729856.00 |
| 150000000 | Sale & Hire Charges | I-5 | 75605.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 87123957.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 232415.00 |
| 180000000 | Other Income | I-9 | 432907.00 |
| 190000000 | Prior Period Income | I-19 | 202741.00 |
| | Total Income | | 94636238.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 11094695.00 |
| 220000000 | Administrative Expenses | I-11 | 991305.00 |
| 230000000 | Operations & Maintenance | I-12 | 748348.00 |
| 240000000 | Interest & Finance Charges | I-13 | 17098.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5916125.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 16881180.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 255090.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 13044326.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 34944460.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 978986.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 10079064.00 |
| | Total Expenditure | | 94950677.00 |
| | Gross Surplus / Deficit of income over Expenditure | | -314439.00 |
| | Gross Surplus / Deficit of income over Expenditure | | -408230.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -108950.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 93791.00 |

3. ബാലൻസ് ഷീറ്റ്

| Cherukunnu Grama Panchayat BALANCE SHEET<br>As on 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 24701601.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 10870.00 |
| 312000000 | Reserves | B-3 | 32674679.00 |
| | Total Reserve & Surplus | | 57387150.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4515895.00 |
| | Total Grants, Contributions for Specific Purposes | | 4515895.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 421419.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 421419.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 166759.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2011315.00 |
| 360000000 | Provisions | B-10 | 0.0 |

| | | | |
|---|---|---|---|
| | Total Current Liabilities and Provisions | | 2178074.00 |
| | TOTAL LIABILITIES | | 64502538.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 185802.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1384132.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 11034450.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 76554344.00 |
| 416000000 | Accumulated Depreciation | B-11(a) | -38441378.00 |
| | Total Fixed Assets | | 50717350.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 30000.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 30000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1964527.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 9501672.00 |
| 460000000 | Loans, Advances and Deposits | B-18 | 2288989.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 13755188.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 64502538.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ